## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 924 — 10.02.2016-ൽ മറുപടിക്ക്.

### തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളും മിനിമം വേതനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ<br>,, രാജു എബ്രഹാം<br>,, വി.ചെന്താമരാക്ഷൻ<br>,, എളമരം കരീം | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കഴിഞ്ഞ അഞ്ചുവർഷത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നല്കുമോ | (എ) കഴിഞ്ഞ നാലുവർഷത്തിനിടെ സംസ്ഥാനത്തിന്റെ തൊഴിൽ മണ്ഡലത്തിൽ സമൂലമായ മാറ്റത്തിന് തുടക്കമിട്ട നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കി. തൊഴിൽ തർക്കങ്ങൾ സൗഹാർദ്ദപരമായി പരിഹരിക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുൾപ്പെടെ നമ്മുടെ തൊഴിൽ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൊതു-സ്വകാര്യ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികൾക്ക് ജോലി സ്ഥിരത, തൊഴിൽ പരിരക്ഷ, മാന്യമായ വേതനം, സാമൂഹിക സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്താനും അടഞ്ഞുകിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളെയും പിരിച്ചുവിടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിനും മുഖ്യ പരിഗണന നൽകുന്നു.<br><br>തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കി തൊഴിൽ സമാധാനം നിലനിർത്തുന്നതിന് കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളുചെത്ത് വ്യവസായബന്ധ സമിതികളും പ്ലാന്റേഷൻ ലേബർ കമ്മിറ്റിയും പുനഃസംഘടിപ്പിച്ചു. സ്വകാര്യ ആശുപത്രി സപ്ലൈകോ എന്നീ വ്യവസായ മേഖലകളിൽ പുതുതായി വ്യവസായബന്ധ സമിതികൾ രൂപീകരിച്ചു. സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചതിന്റെ ഫലമായി സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും കഴിഞ്ഞു. കശുവണ്ടി വ്യവസായബന്ധ സമിതിയിൽ ഉണ്ടായ ചർച്ചയിലൂടെ പ്രസ്തുത വ്യവസായത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടു. |

പൂട്ടികിടക്കുന്ന പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെയും കുടുംബങ്ങളുടെയും സമാശ്വാസത്തിനും നിലനിൽപ്പിനുമായി രൂപവത്കൃതമായ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ മക്കൾക്ക് പഠന ഉപകരണങ്ങൾ വാങ്ങുന്നതിനും തൊഴിലാളികളിൽ മാരകരോഗം ബാധിച്ചവർക്ക് ധനസഹായം, ആരോഗ്യ പരിപാലനം, ഉന്നത വിദ്യാഭ്യാസ ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, സ്കൂൾ കുട്ടികൾക്ക് പോഷകാഹാര വിതരണം, ലയങ്ങളുടെ അറ്റകുറ്റപ്പണി, കുടിവെള്ള വിതരണം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി നാലു കോടി 78 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരം ജില്ലയ്ക്ക് 49 ലക്ഷം, ഇടുക്കി ജില്ല മൂന്നുകോടി 62 ലക്ഷം, പാലക്കാട് ജില്ലയ്ക്ക് 16 ലക്ഷം, വയനാട് ജില്ലയ്ക്ക് 51 ലക്ഷം രൂപ അനുവദിച്ചു.

പൂട്ടികിടക്കുന്ന പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾ, കയർ സൊസൈറ്റികൾ, തോട്ടങ്ങൾ, നീണ്ടകര പോർട്ട് എന്നിവയിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് സഹായമായി എക്സ്ഗ്രേഷ്യ അനുവദിച്ചു.

സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള 'വേതന സുരക്ഷാ പദ്ധതി'യുടെ അന്തിമഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായി.

തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം 2015 സെപ്റ്റംബർ 16-ന് നിലവിൽ വന്നു. ഇതിലൂടെ ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ താമസം കൂടാതെ ലഭ്യമാക്കുന്നതിന് സാധിക്കും. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതിന് നിയമ ഭേദഗതിയും വരുത്തിയിട്ടുണ്ട്.

സംസ്ഥാന തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in മുഖേന നടപ്പാക്കി. വകുപ്പ്

സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്ന നിയമങ്ങൾ സംബന്ധിച്ച രജിസ്ട്രേഷൻ, ലൈസൻസ്, പുതുക്കൽ എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ലഭ്യമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു.

അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം, ശുചിത്വം എന്നിവ പരിപാലിക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും സംസ്ഥാന വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും കാര്യക്ഷമമായി സംഘടിപ്പിച്ചു. ബാലവേല സമൂഹത്തിൽ നിന്നും നിർമാർജനം ചെയ്യുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബാലവേല ദിനത്തിൽ സംസ്ഥാന വ്യാപകമായി ബോധവത്ക്കരണ സെമിനാറുകളും സംഘടിപ്പിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു.

| | |
|---|---|
| (ബി) മിനിമം വേതനം പുതുക്കിയിട്ട് അഞ്ചു വർഷം മുതൽ എട്ടു വർഷം വരെ പൂർത്തിയായ 33 മേഖലകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം വ്യക്തമാക്കുമോ | (ബി) 31/12/2015–ൽ 5 വർഷം പൂർത്തിയായിട്ടുള്ള 33 മേഖലകളുൾപ്പെടെ 31/07/2016–ന് അഞ്ചുവർഷം പൂർത്തിയാകുന്നതുമായ എല്ലാ മേഖലകളിലെയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്, സർക്കാരിന്റെ 08.10.2014-ലെ സ.ഉ.(കൈ) നം.119/2014/തൊഴിൽ ഉത്തരവ് പ്രകാരവും 24.06.2015-ലെ സ.ഉ.(അച്ചടി) നം. 73/2015/ തൊഴിൽ ഉത്തരവ് പ്രകാരവും സബ് കമ്മിറ്റികൾ രൂപീകരിച്ച് നടപടി സ്വീകരിക്കുകയും ഏറെക്കുറെ മേഖലകളിലെ കൂലി പുതുക്കിക്കൊണ്ടുള്ള കരട് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 33 മേഖലകളെ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | മേഖലകൾ | അവസാനമായി പുതുക്കി നിശ്ചയിച്ചത് | റിമാർക്ക്സ് |
|---|---|---|---|
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 21/05/2008 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 2 | ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി | 02/06/2008 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 3 | ആയുർവേദിക് ആന്റ് അലോപ്പതിക് മെഡിസിൻ | 07/07/2008 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 4 | ഹിൽപ്രൊഡ്യൂസ് ഇൻഡസ്ട്രി | 23.09.2008 | പ്രാഥമിക വിജ്ഞാപനം തയ്യാറായി വരുന്നു |
| 5 | ഓയിൽമിൽ | 20/10/2008 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 6 | സെയിൽസ്പ്രമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 27/05/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 7 | എൽ.പി.ഗ്യാസ് | 27/05/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 8 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫെന്റ്സ് | 09/06/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 9 | ഷോപ്സ്, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് | 23/07/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 10 | അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ് | 10/08/2009 | പ്രാഥമിക വിജ്ഞാപനം തയ്യാറായി വരുന്നു |
| 11 | റബ്ബർ ക്രേപ്പ് മിൽസ് | 09/10/2009 | ജി.ഒ.(പി) നമ്പർ 5/2016/തൊഴിൽ (തീയതി: 14/01/2016) പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 12 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് | 07/10/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 13 | ഹാന്റ്ലൂം & ഡെയ്‌ലി പ ീസ്റേറ്റ് എംപ്ലോയീസ് | 11/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 14 | ഹോസ്റ്റൽസ് | 15/12/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 15 | മൈനർ എഞ്ചിനീയറിംഗ് | 16/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 16 | ബ്ലോക്ക് റബർ ഫാക്ടറീസ് | 28/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 17 | ഖാദി ഇൻഡസ്ട്രീസ് | 08/01/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 18 | ഡൊമസ്റ്റിക് വർക്സ് (ഗാർഹിക മേഖല) | 09/03/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 19 | ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീ ഫുഡ്സ് | 15/03/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| 20 | ബീഡി & സിഗാർ ഇൻഡസ്ട്രി | 06/11/2010 | പ്രാഥമിക വിജ്ഞാപനം തയ്യാറായി വരുന്നു |
| 21 | സിനിമാ തീയേറ്ററുകൾ | 15/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 22 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | 26/07/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 23 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | 06/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 24 | ഹാന്റ്ലൂം കം മന്ത്ലി പെയ്ഡ് എംപ്ലോയീസ് | 13/09/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 25 | ഐസ് ഫാക്ടറീസ് | 18/12/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 26 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് | 06/11/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 27 | പ്രിന്റിംഗ് പ്രസ്സ് | 10/08/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 28 | റൈസ് മിൽ, ഫ്ളവർമിൽ, ദാൽമിൽ | 24/02/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 29 | റബർ പ്രോഡക്ട് ഇൻഡസ്ട്രീസ് | 08/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 30 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് & കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് & ബിൽഡിംഗ് ഓപ്പറേഷൻസ് | 04/08/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 31 | സ്വീപ്പിംഗ് & ക്ലീനിംഗ് | 19/04/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 32 | ടോഡി ടാപ്പിംഗ് | 30/03/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 33 | കുട നിർമ്മാണം | 30/01/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ